# ജറുസലെം ദൈവരാജ്യം



2023 ഓഗസ്റ്റ് 4 വാല്യം 10 ലക്കം 11




പട്ടത്തച്ചൻ

# നിത്യമായ വചനം



''ആയിരക്കണക്കിന് പൊൻവെള്ളി നാണയങ്ങളേക്കാൾ അങ്ങയുടെ വദനത്തിൽനിന്ന് പുറപ്പെടുന്ന നിയമമാണ് എനിക്കഭികാമ്യം'' (ലൂക്ക 23:33).(സങ്കീ.119:12). നിത്യതയുടെ വെളിച്ചത്തിൽ ചിന്തിക്കുവാനും തീരുമാനങ്ങളെടുക്കുവാനും പ്രാവർത്തികമാക്കുവാനും വചനം വായിച്ച് ജ്ഞാനം ലഭിക്കുന്നവർക്കാണ് സാധിക്കുക. ഈ ലോക ജീവിതത്തെ ക്രമപ്പെടുത്തുവാനും ഈ ലോകത്തിലായിരുന്നുകൊണ്ടുതന്നെ സ്വർഗ്ഗീയ ഭവനത്തിൽ കണ്ണുംനട്ട് ജീവിക്കാൻ ദൈവവചനമാണ് നമ്മെ പരിശീലിപ്പിക്കുന്നത്.

സ്വയം ശിക്ഷണം നൽകാനും
സ്വയം പരിശീലനം നൽകാനും
സ്വയം ചികിത്സ നൽകാനും
സ്വയം മാനസാന്തരപ്പെടാനും

വചനമാണ് നമ്മെ സഹായിക്കുക. ജീവിതത്തിന്റെ ഗതി നിർണ്ണയിക്കാനും വിമർശനങ്ങളെ വളരാനുള്ള വളമാക്കാനും എറിയുന്ന കല്ലുകളെ ഉയരാനുള്ള ചവിട്ടുപടിയാക്കാനും ദൈവവചനം നമ്മെ പ്രചോദിപ്പിക്കുന്നു. ദൈവവചന പാരായണത്തിൽ വ്യാപൃതരായിരിക്കുന്നവർ

1. ലൗകിക വസ്തുക്കളിൽനിന്ന് മോചനം നേടണം.
2. എന്റേതെന്ന ചിന്ത ഉപേക്ഷിക്കണം.
3. ഉപവാസം, നൊയ്മ്പ്, പ്രാർത്ഥന എന്നിവ പരിശീലിക്കണം.
4. രഹസ്യ സുകൃതങ്ങളുടെ അഭ്യസനം പരിശീലിക്കുക
5. ലോകത്തിന്റെ പാപത്തിനുവേണ്ടി പ്രായശ്ചിത്തം ചെയ്യാനുള്ള മനസ്സ് സമ്പാദിക്കണം.
6. എനിക്കൊരു വിശുദ്ധയാകണം, വിശുദ്ധനാകണം എന്ന ആത്മീയദാഹം വളർത്തണം.

വചനശക്തിയാണ് പാപത്തിൽനിന്ന്, തിന്മയിൽനിന്ന്, ദുശ്ശീലങ്ങളിൽനിന്ന് വിടുതൽ നൽകുന്നത്.

''പൊയ്ക്കൊള്ളുക മേലിൽ പാപം ചെയ്യരുത്''. ഈ വചനത്തിന്റെ ശക്തിയാണ് വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ പഴയ ജീവിതത്തിൽനിന്ന് പുതിയ ജീവിതത്തിലേയ്ക്ക് കൊണ്ടുവന്നത്. അത് അവളുടെ ശക്തിയല്ല വചനത്തിന്റെ ശക്തിയാണ്. ക്രെഡിറ്റാണ്. എന്തുമാത്രം ദൈവവചനത്തോട് അടുപ്പം കാണിക്കുന്നുണ്ടോ അവരിലേയ്ക്ക് എല്ലാ സ്വർഗ്ഗീയവരങ്ങളും പരിശുദ്ധാത്മാവിന്റെ മായാത്ത മുദ്രകളും ദീപ്തമാകും. എഫേസൂസ് 3:16–ൽ നമ്മോട് പറയുന്നു: ''ആന്തരിക മനുഷ്യനെ ശക്തിപ്പെടുത്താനും വിശ്വാസം വഴി ക്രിസ്തു ഹൃദയങ്ങളിൽ വസിക്കാനും സ്നേഹത്തിൽ വേര് പാകി അടിയുറയ്ക്കാനും ഈ വചനം നമ്മെ ശക്തിപ്പെടുത്തും. ദൈവസ്നേഹത്തിന്റെ നീളവും വീതിയും, ഉയരവും ആഴവും ഗ്രഹിക്കാൻ നമുക്ക് ശക്തി ലഭിക്കും. അതുവഴി ദൈവത്തിന്റെ സർവ്വപൂർണ്ണതയാൽ പൂരിതനാകാൻ ഇടവരും''. ''സത്യത്തിന്റെ വചനം ഉചിതമായി കൈകാര്യം ചെയ്തുകൊണ്ട് അഭിമാനിക്കാൻ അവകാശമുള്ള വേലക്കാരനായി ദൈവതിരുമുമ്പിൽ അർഹതയോടെ പ്രത്യക്ഷപ്പെടാൻ ഉത്സാഹപൂർവ്വം പരിശ്രമിക്കുക'' (2 തിമോത്തി 2:16).

വചനം വായിക്കാം
വചനം അനുസരിക്കാം
വചനമനുസരിച്ച് ജീവിക്കാൻ
വചനജ്വാല നമ്മെ സഹായിക്കട്ടെ.

**ദൈവജനത്തിന്റെ ആഗ്രഹപ്രകാരം സമ്പൂർണ്ണ ബൈബിൾ പാരായണത്തിന്റെ രണ്ടാമത്തെ ഗ്രൂപ്പ് ആരംഭിച്ചിരിക്കുന്നു. അംഗങ്ങളാകാത്തവർക്ക് ഇനിയും അവസരമുണ്ട്. ഓഫീസുമായി ബന്ധപ്പെടുക.** സമ്പൂർണ്ണ ബൈബിൾ പാരായണത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരേയും സെപ്റ്റംബർ 5–ാം തിയ്യതി രാവിലെ 6 മണി മുതൽ വൈകീട്ട് 8 മണി വരെ നടക്കുന്ന അഖണ്ഡ ജപമാലയിലേക്ക് സ്വാഗതം ചെയ്യുന്നു. മലയാളം, ഹിന്ദി, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ വചനം വായിക്കാൻ അവസരമുണ്ട്. വചനവായനയിലൂടെ അത്ഭുതകരമായ അനുഗ്രഹങ്ങൾ ലഭിച്ചവർ സാക്ഷ്യങ്ങൾ എഴുതി കൊണ്ടുവരണം. സ്ഥലം, ഫോൺ നമ്പർ ഉണ്ടായിരിക്കണം. സാക്ഷ്യങ്ങൾ അന്നേ ദിനം പറയാൻ അവസരമുണ്ടായിരിക്കും.










**ദിവ്യകാരുണ്യ സൗഖ്യാരാധനയുടെ രണ്ടാം വാർഷിക ദിനാഘോഷവും കർമ്മലമാതാവിന്റെ തിരുന്നാൾ ദിനത്തിൽ ആശീർവ്വദിച്ച കർമ്മലമാതാവിന്റെ ഗ്രോട്ടോയും ഡിവൈൻ മേഴ്സി അഡോറേഷൻ ചാപ്പലും.**

**ആശീർവാദകർമ്മം നിർവ്വഹിക്കുന്നത് ജറുസലെം റിട്രീറ്റ് സെന്റർ ഡയറക്ടർ റവ.ഫാദർ ഡേവീസ് പട്ടത്ത് CMI, മറ്റു വൈദീകരും**













# “നീ വിളക്ക് പകൽ കത്തിക്കാതിരുന്നാൽ രാത്രിയിൽ കത്തിക്കാം.”



# യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

**യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്.** (ഹെബ്രായർ 13: 8)

## ദൈവത്തിന്റെ വിസ്മയനീയമായ പ്രവൃത്തി



**ഷേർളി വിൽസൻ,** ഉഴുവത്ത് ഹൗസ്
പി. ഒ. പോട്ട, ചാലക്കുടി

പറഞ്ഞാൽ വിശ്വസിക്കാനാവാത്ത അൽഭുതങ്ങൾ ഞാൻ നിനക്കായി ചെയ്യും എന്ന് നമ്മോട് വാഗ്ദാനം ചെയ്തിരിക്കുന്ന ദൈവമാണ്, ഈ അൽഭുതം പ്രവർത്തിച്ചത്. എന്റെ സഹോദരിയുടെ മകളുടെ ഭർത്താവിന് മൂന്നാഴ്ച പനിയായിരുന്നു. മൂന്ന് തവണ ആന്റിബയോട്ടിക്ക് കഴിച്ചെങ്കിലും പനി കുറയാതായപ്പോൾ രാജഗിരി ഹോസ്പിറ്റലിൽ പോയി അവിടെ അഡ്മിറ്റ് ചെയ്തു. കുറെയധികം ടെസ്റ്റുകൾ നടത്തി. അതിനു ശേഷം ഡോക്ടർ പറഞ്ഞു. എത്രയും പെട്ടെന്ന് ബോൺമാരോ ചെയ്യണം. കിഡ്നിയും പ്രശ്നത്തിലാണ്. വയറ്റിൽ മുഴയുണ്ട്. ലിംഫോമയാണ്. എത്രയും പെട്ടെന്ന് ട്രീറ്റ്മെന്റ് സ്റ്റാർട്ട് ചെയ്യണം. ഞങ്ങൾ അവിടെനിന്നും ഡിസ്ചാർജായി പോന്നു. ജറുസലെമിൽ വന്ന് പട്ടത്തച്ചനെ കണ്ടു. അച്ചൻ പ്രാർത്ഥിച്ച് ഇപ്പോൾ ട്രീറ്റ്മെന്റിന് പോകണ്ട, ആവശ്യമുണ്ടെന്നു തോന്നുന്നില്ല എന്ന് പറഞ്ഞ് ഞങ്ങളെ യാത്രയാക്കി. രാജഗിരിയിലെ റിപ്പോർട്ട് ഞങ്ങൾ വേറെ ഹോസ്പിറ്റലിലെ ഡോക്ടറെ കാണിച്ചു. ഡോക്ടറും പറഞ്ഞു എത്രയും പെട്ടെന്ന് ബോൺമാരോ ചെയ്യണം. പിറ്റേദിവസം ബോൺമാരോ ചെയ്തു. റിസൽറ്റ് കിട്ടിയപ്പോൾ ഡോക്ടർ പറഞ്ഞു 16 കീമോ വേണം. ലോങ്ങ് ലൈഫ് ട്രീറ്റ്മെന്റ് വേണം. മൾട്ടിപ്പിൾ മൈലോമ എന്ന രോഗമാണ് എന്ന് അറിയിച്ചു. എത്രയും പെട്ടെന്ന് ട്രീറ്റ്മെന്റ് തുടങ്ങണം എന്നു പറഞ്ഞു. ബോൺമാരോ മാറ്റിവയ്ക്കുന്നതിനെക്കുറിച്ച് പിന്നീട് ചിന്തിക്കാം എന്ന് അറിയിച്ചു. ഞങ്ങൾ ജറുസലെമിലേയ്ക്കും മറ്റ് പ്രാർത്ഥനാലയങ്ങളിലേക്കും പ്രാർത്ഥനാസഹായം യാചിച്ചു. വീണ്ടും ആ റിസൽറ്റുമായി ഞങ്ങൾ ലേക്ക്ഷോർ ഹോസ്പിറ്റലിൽ ഡോ. ഗംഗാധരനെ കാണിച്ചു. ബയോപ്സിയുടെ സ്ലൈഡ് വീണ്ടും ബയോപ്സിയ്ക്ക് അയയ്ക്കണം, എന്നിട്ട് തീരുമാനിക്കാം എന്ന് പറഞ്ഞു. റിസൽട്ട് വന്നപ്പോൾ ഡോക്ടർ പറഞ്ഞു, ഇപ്പോൾ ട്രീറ്റ്മെന്റ് വേണ്ട. ഒരു മാസം കഴിയുമ്പോൾ വയർ അൾട്രാസൗണ്ട് സ്കാനിങ്ങും രണ്ടുമൂന്ന് ബ്ലഡ് ടെസ്റ്റുകളും പറഞ്ഞു. ഈ മഹാത്ഭുതം ചെയ്തുതന്ന ത്രിത്വൈകദൈവത്തിനും, പരിശുദ്ധ അമ്മയ്ക്കും നന്ദിയായി ഞങ്ങളുടെ ജീവിതങ്ങളെ സമർപ്പിക്കുന്നു. ഈ മകന്റെ ഭാര്യ ബ്രെസ്റ്റിൽ ക്യാൻസറായി ആശുപത്രിയിൽ സർജറി നടത്തിയതിനുശേഷം ലേക്ക്ഷോർ ഹോസ്പിറ്റലിൽ കീമോ നടത്തിവരികയായിരുന്നു. മൂന്നാമത്തെ കീമോ ചെയ്തതിനു ശേഷം ഭർത്താവിന്റെ അസുഖത്തെക്കുറിച്ച് അറിഞ്ഞപ്പോൾ ഛർദ്ദിയും വയറിളക്കവും പനിയും ബ്ലീഡിങ്ങും കൊറോണയും പിടിപെട്ട് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു. ഒരു മരുന്നും ഫലിക്കാതെയായി. ഞങ്ങൾ വചനകൂടാരത്തിലേയ്ക്കും എല്ലാവരോടും പ്രാർത്ഥനാസഹായം അപേക്ഷിച്ചു. ജറുസലെം നാഥന്റെ അനുഗ്രഹത്താലും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥത്താലും മാത്രമാണ് മകൾക്ക് ജീവൻ തിരിച്ചുകിട്ടിയതെന്ന് ഞാൻ പൂർണമായി വിശ്വസിക്കുകയും ദൈവത്തിന് നന്ദി പറയുകയും ചെയ്യുന്നു.


### പ്രാർത്ഥനാനിയോഗങ്ങൾ
**Whatsapp ചെയ്യേണ്ട നമ്പർ**
**9656 133 533**
ദിവ്യകാരുണ്യ സൗഖ്യാരാധനയിൽ
പേരുകൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതായിരിക്കും

# അത്ഭുതങ്ങളുടെ ലോകം ഇനിയും അവസാനിച്ചിട്ടില്ല



**നിനക്ക് ഒരു തിൻമയും ഭവിക്കുകയില്ല; ഒരനർഥവും നിൻെറ കൂടാരത്തെ സമീപിക്കുകയില്ല. (സങ്കീ 9:10)**

## തിരുരക്തത്തിന്റെ അഭിഷേകം



**ജിന്നി സതനീഷ്,** കുരൂർ ഹൗസ്,
ആവോലി, മൂവാറ്റുപുഴ

തിരുരക്തത്തിന്റെ അഭിഷേകം ഞങ്ങളിൽ നിറഞ്ഞപ്പോൾ മാതാപിതാക്കളാകുവാനുള്ള കൃപ നൽകി ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. ഞങ്ങളുടെ വിവാഹം കഴിഞ്ഞ് 9 വർഷമായിട്ടും ഞങ്ങൾക്ക് മക്കൾ ഇല്ലായിരുന്നു. ജറുസലെമിൽ വിളിച്ച് പട്ടത്തച്ചനോട് പ്രാർത്ഥനാസഹായം ചോദിക്കുകയും, അച്ചൻ ദിവ്യവൈദ്യനും ഔഷധവുമായ ഈശോയെ ഞങ്ങളിൽ വന്ന് നിറയണമേ എന്ന പ്രാർത്ഥന പറഞ്ഞുതരികയും ചെയ്തു. ഞങ്ങൾ എന്നും അതു ചൊല്ലി പ്രാർത്ഥിക്കുകയും, വെള്ളിയാഴ്ചയിലെ ഏകദിന കൺവെൻഷൻ ഓൺലൈൻ ആയി സംബന്ധിക്കുകയും ചെയ്തിരുന്നു. ജപമൊഴികളിലെ തിരുരക്തത്തിന്റെ ജപമാല ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. അതിന്റെ ഫലമായി ദൈവം ഞങ്ങൾക്ക് ഒരു മകനെ തന്ന് അനുഗ്രഹിച്ചു.

## ദൈവിക കരുണ



**ഹെൻസ് ഷാജി,** നെല്ലിശ്ശേരി ഹൗസ്, ഒല്ലൂർ

നമ്മുടെ ദൈവം കരുണയുടെ ഉറവിടമാണ്. രോഗങ്ങളിൽ, അപകടങ്ങളിൽ നമുക്ക് അഭയവും ശാശ്വതമായ അഭയശിലയുമാണവിടുന്ന്. എന്റെ സഹോദരന്റെ മകളുടെ ഭർത്താവ് ന്യുമോണിയ ബാധിച്ച് രാജഗിരിയിൽ ഐ. സി. യു. വിൽ ആയിരുന്നു. എന്നോട് പ്രാർത്ഥനാസഹായം അപേക്ഷിച്ചു. ഞാൻ ജറുസലെം വചനകൂടാരത്തിലേയ്ക്ക് പ്രാർത്ഥനാസഹായം ആവശ്യപ്പെടുകയും ചെയ്തു. ആരോഗ്യവാനായി ആ മകൻ തിരിച്ചുവന്നാൽ സാക്ഷ്യപ്പെടുത്താം എന്ന് പറയുകയും ചെയ്തു. ദൈവത്തിന്റെ കരുണയാൽ അവൻ സുഖപ്പെട്ടു. ഈശോയേ നന്ദി. ഞാനും എന്റെ മക്കളും ജറുസലെം വചനകൂടാരത്തിന്റെ ആരംഭം മുതലേ വന്ന് എല്ലാ ശുശ്രൂഷകളിലും പങ്കെടുത്തിരുന്ന കുടുംബമാണ്. എനിയ്ക്ക് രണ്ടു പെൺകുട്ടികളാണ്. രണ്ടു മക്കളും ബി. എസ്. സി. നഴ്സിംഗ് പാസ്സായി. ഞാൻ ഇവിടെ പ്രാർത്ഥനാ ഉടമ്പടി എടുത്ത് പ്രാർത്ഥിച്ചിരുന്നു. എന്റെ ജീവിതപങ്കാളി പള്ളിയിലോ കുടുംബപ്രാർത്ഥനയിലോ പങ്കെടുക്കാറില്ലായിരുന്നു. ധ്യാനം കൂടിയപ്പോൾ അദ്ദേഹം വിശ്വാസത്തിലേക്ക് തിരിച്ചുവന്നു. എന്റെ മൂത്തമകൾക്ക് കാനഡയിൽ കുടുംബസമേതം പോകാൻ ദൈവകൃപ നൽകി. രണ്ടാമത്തെ മകൾ യു. കെ. യിൽ പോകാൻ ഒ. ഇ. ടി. എഴുതിയെങ്കിലും ആദ്യപ്രാവശ്യം കിട്ടിയില്ല. ജറുസലെം വചനകൂടാരത്തിൽ വെള്ളിയാഴ്ചകളിൽ രാവിലെ 7.30ന് നടക്കുന്ന പ്രാർത്ഥനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. പട്ടത്തച്ചൻ മകൾക്ക് വചനം നൽകി പ്രാർത്ഥിച്ചു. മകൾ പരീക്ഷ പാസ്സാവുകയും യു. കെ. യിൽ കുടുംബസമേതം പോവുകയും ചെയ്തു. രണ്ട് മക്കൾക്കും ഉദരഫലം നൽകി ഈശോനാഥൻ അനുഗ്രഹിച്ചു. സാമ്പത്തിക കടബാധ്യത എടുത്തുമാറ്റി. ഐശ്വര്യവും സമ്പൽസമൃദ്ധിയും നൽകി ഞങ്ങളുടെ കുടുംബത്തെ സമൃദ്ധമായി അനുഗ്രഹിച്ചു. ഈശോനാഥനും പരിശുദ്ധ അമ്മയ്ക്കും കോടാനുകോടി നന്ദിയേകുന്നു.

## കർത്താവിന് നന്ദി പറയുവിൻ

**പ്രിൻസി ജോജോ,** വടക്കൻ ഹൗസ്, നമ്പ്യാർ റോഡ്, പി. ഒ. പുത്തൂർ



136-ാം സങ്കീർത്തനം 1-ാം തിരുവചനം ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു: ‘‘കർത്താവിന് നന്ദി പറയുവിൻ. അവിടുന്ന് നല്ലവനാണ്. അവിടുത്തെ കാരുണ്യം അനന്തമാണ്’’. കർത്താവിന്റെ അനന്തകാരുണ്യത്തിനു മുമ്പിൽ നന്ദി മാത്രമേ ഞങ്ങൾക്ക് പറയാനുള്ളൂ. ഞങ്ങളുടെ വിവാഹം കഴിഞ്ഞ് ഒരു വർഷമായി കുഞ്ഞുങ്ങൾ ഉണ്ടായിരുന്നില്ല. ഡോക്ടറെ കണ്ട് മരുന്നുകൾ കഴിച്ച് പ്രെഗ്നന്റായെങ്കിലും 2 മാസം ആയപ്പോൾ തനിയെ അബോർഷനായി പോവുകയായിരുന്നു. മൂന്നാമത്തെ പ്രാവശ്യം പ്രെഗ്നന്റായപ്പോൾ മക്കളില്ലാത്ത ദമ്പതികളുടെ ശുശ്രൂഷയിൽ ഞങ്ങൾ വന്ന് പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. 7 മാസം ആയപ്പോൾ ഫ്ളൂയിഡ് ലീക്കായി ഞാൻ പ്രസവിച്ചു. കുഞ്ഞിനെ എൻ. ഐ. സി. യു. വിൽ കിടത്തിയപ്പോൾ ഞങ്ങൾ ജറുസലെംനാഥനോട് പ്രാർത്ഥിച്ചു, ഞങ്ങളുടെ കുഞ്ഞിന് ഒരു കുഴപ്പവും ഇല്ലാതെ ഞങ്ങൾക്ക് തരുകയാണെങ്കിൽ എന്റെ അമ്മ ഇവിടെവന്ന് സാക്ഷ്യപ്പെടുത്താമെന്ന് നേർന്നിരുന്നു. അതിന്റെ ഫലമായി ഞങ്ങളുടെ കുഞ്ഞിന് ഒരു കുഴപ്പവും ഇല്ലാതെ ഞങ്ങൾക്ക് തിരികെ ലഭിച്ചു. ജറുസലെം നാഥനും നാഥയ്ക്കും ഒരായിരം നന്ദി.

## കൃപ ചൊരിഞ്ഞ ദൈവം



**അലക്സ് പോൾ,** ഐനിക്കൽ ഹൗസ്,
ബസാർ റോഡ്, പുതുക്കാട്

2 കോറി 12:9 ഇപ്രകാരമാണ്: ‘‘നിനക്ക് എന്റെ കൃപ മതി. എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്’’. ഞങ്ങളോട് കൃപ ചൊരിഞ്ഞ ദൈവമേ നന്ദി. എന്റെ രണ്ടാമത്തെ മകൻ ആറര മാസത്തിൽ ജനിച്ച കുഞ്ഞാണ്. ഗർഭാവസ്ഥയിൽ ഒരുപാട് ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു. എന്റെ ആന്റിയുടെ മകൾ വചനകൂടാരത്തിൽ വന്ന് നിയോഗത്തോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി ആരോഗ്യമുള്ള നല്ലൊരു കുഞ്ഞിനെ ലഭിച്ചു. ഇപ്പോൾ മകന് 3 വയസ്സായി, മിടുക്കനായി വളരുന്നു. എന്റെ ഭാര്യാസഹോദരന് കോവിഡ് പിടിപെട്ട് 15 ദിവസം ഐ. സി. യു. വിൽ അഡ്മിറ്റായിരുന്നു. ജറുസലെം ഓൺലൈൻ കൺവെൻഷനിൽ പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി പൂർണ്ണസൗഖ്യം ലഭിച്ചു. 3 മണിയ്ക്കുള്ള കൃപയുടെ ഭവനം ആരാധനയിൽ പങ്കെടുത്ത് ജറുസലെമിൽ പ്രാർത്ഥനാസഹായം അപേക്ഷിച്ചതിന്റെ ഫലമായി പൂർണ്ണസൗഖ്യം നൽകി ജറുസലെംനാഥൻ അനുഗ്രഹിച്ചു.

## തീക്ഷ്ണതയോടെ പ്രാർത്ഥിച്ചപ്പോൾ



**രമ്യ,** കുളത്തിനാൽ ഹൗസ്,
വെള്ളിക്കുളങ്ങര പി. ഒ., മുട്ടത്തുകുളങ്ങര

യോഹന്നാൻ 16:24-ാം തിരുവചനം ഇപ്രകാരമാണ്: ‘‘ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും. അതുമൂലം നിങ്ങളുടെ സന്തോഷം പൂർണ്ണമാവുകയും ചെയ്യും’’. തീക്ഷ്ണതയോടെ, വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ എന്റെ ജീവിതത്തിൽ അൽഭുതങ്ങൾ നടന്നു. ഒരു വർഷം മുമ്പ് എന്റെ ബ്രസ്റ്റിൽ ഒരു തടിപ്പും വേദനയും വന്നു. ഞാൻ ജറുസലെംനാഥയോട് നിയോഗം വച്ച് പ്രാർത്ഥിച്ചു. ഏഴു വെള്ളിയാഴ്ച വി. കുർബാനയിലും ആരാധനയിലും പങ്കെടുത്ത് സാക്ഷ്യം പറയാമെന്ന് നേർന്നു. ഡോക്ടറെ കണ്ടപ്പോൾ സ്കാൻ ചെയ്യാൻ നിർദ്ദേശിച്ചു. റിസൽട്ട് വന്നപ്പോൾ ചെറിയ തടിപ്പുണ്ടെന്നും, അത് ബയോപ്സി ചെയ്യണമെന്നും പറഞ്ഞു. ബയോപ്സി റിസൽട്ട് വന്നപ്പോൾ ഒരു കുഴപ്പവുമില്ല പേടിക്കേണ്ടതായി ഒന്നുമില്ലെന്നും ഓപ്പറേഷന്റെ ആവശ്യമില്ലെന്നും ഡോക്ടർ പറഞ്ഞു. ജറുസലെംനാഥയ്ക്കും ഈശോയ്ക്കും ആയിരമായിരം നന്ദി. യേശുവേ നന്ദി.

## ദൈവനാമം മഹത്വപ്പെടട്ടെ



**സിമി ബാബു,** പനവളപ്പിൽ ഹൗസ്, പി. ഒ. കണ്ണാറ

ദൈവനാമത്തിന് എന്നും മഹത്വമുണ്ടായിരിക്കട്ടെ. ഭൂമിയുടെ അതിർത്തികളിൽ ദൈവനാമം പ്രഘോഷിക്കപ്പെടട്ടെ. എന്റെ മേമ്മയുടെ മകൾക്ക് തൈറോയിഡ് മുഴ ബയോപസി ചെയ്തപ്പോൾ ക്യാൻസർ സാധ്യത ഉണ്ടെന്ന് പറഞ്ഞിരുന്നു. ജറുസലെം വചനകൂടാരത്തിൽ വന്ന് വി. കുർബ്ബാനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി അസുഖം സൗഖ്യപ്പെട്ടു. ഒരു മാസത്തോളമായി അവൾക്കുണ്ടായിരുന്ന തുടർച്ചയായ ബ്ലീഡിങ്ങും സർജറിയിലൂടെ ഈശോ പൂർണ്ണസൗഖ്യം നൽകിയനുഗ്രഹിച്ചു. ജറുസലെം വചനകൂടാരത്തിൽ ഞായറാഴ്ചകളിൽ ദിവ്യകാരുണ്യസൗഖ്യാരാധനയിൽ പങ്കെടുത്ത് സൗഖ്യത്തിനായി പ്രാർത്ഥിച്ചിരുന്നു. പ്രഭാഷകൻ 32:24 നമ്മോട് ഇപ്രകാരം പറയുന്നു: ‘‘കർത്താവിൽ ശരണപ്പെടുന്നവന് നഷ്ടം വരികയില്ല’’. ആരാധനയും ദൈവവചനവും ആ മകളിൽ നിറഞ്ഞപ്പോൾ സർജറി വിജയിക്കുകയും ഈശോ സൗഖ്യം നൽകിയനുഗ്രഹിക്കുകയും ചെയ്തു. യേശുവേ നന്ദി, യേശുവേ സ്തോത്രം.



# “മറ്റുള്ളവരുടെ വീടുകളിൽ പോകുകയും അവരുടെ കുറ്റങ്ങൾ അന്വേഷിക്കുകയും വേണ്ട.”



## പൂർണ്ണമായി സമർപ്പിച്ചപ്പോൾ

**മർത്ത തോമാസ്,** ചുള്ളിപറമ്പൻ, പടവരാട്



ഈശോനാഥൻ നമ്മോട് പറയുന്നു നിന്റെ രോഗങ്ങളും ആകുലതകളും സങ്കടങ്ങളും എന്നെ ഏല്പിക്കുക. ഞാൻ നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്. എന്റെ മകന്റെ മകനുവേണ്ടിയാണ് ഞാൻ അൾത്താരയിലായിരിക്കുന്നത്. അവന് സംസാരിക്കാൻ സാധിക്കുമായിരുന്നില്ല. ജറുസലെമിൽ വന്ന് ഞാൻ പ്രാർത്ഥിക്കാറുണ്ട്. കോഴിക്കോടുള്ള ഒരു ആശുപത്രിയിൽ വെച്ച് ഒരു പ്രാവശ്യം ഓപ്പറേഷൻ നടത്തിയെങ്കിലും വലിയ മാറ്റം ഉണ്ടായില്ല. തുടർന്നും ഞങ്ങൾ ജറുസലെം വചനകൂടാരത്തിൽ വന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി അവന് ഇപ്പോൾ ഒരുവിധം സംസാരിക്കാൻ സാധിക്കുന്നുണ്ട്. ഇത്രയും അനുഗ്രഹം തന്ന ജറുസലെംനാഥന് ആയിരമായിരം നന്ദി. എന്റെ ഭർത്താവിന് ശരീരത്തിൽ നിന്നും വിറ്റാമിൻ നഷ്ടപ്പെടുന്ന ഒരു അവസ്ഥയായിരുന്നു. ജറുസലെംനാഥനോട് നിരന്തരം പ്രാർത്ഥിച്ചതിന്റെ ഫലമായി ഈശോനാഥൻ ആ അസുഖം എടുത്തുമാറ്റി. ജറുസലെംനഥന് നന്ദി.

## ശക്തിയേകിയ പ്രാർത്ഥന



**ഔസേപ്പ് ടി. പി.,**
താണിക്കൽ ഹൗസ്, തലോർ

പ്രാർത്ഥനയുടെ ശക്തി അനന്തമാണ്. സ്ഥിരതയോടെ പ്രാർത്ഥിക്കുമ്പോൾ, അഭിഷേകത്തോടെ പ്രാർത്ഥിക്കുമ്പോൾ നമ്മുടെ രോഗാതുരമായ അവയവങ്ങളിൽ ദൈവികശക്തി വന്നുനിറയുന്നു. നാം സൗഖ്യപ്പെടുന്നു. എനിക്ക് വാൽവ് ചുരുങ്ങുന്ന അസുഖമായിരുന്നു. 2022 നവംബർ 26-ാം തീയതി ലിസ്സി ഹോസ്പിറ്റലിൽ പോകുംവഴി വചനകൂടാരത്തിൽവന്ന് പട്ടത്തച്ചനെ കണ്ട് പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടിരുന്നു. അച്ചൻ ആശീർവ്വദിച്ച മധുരം തന്നിട്ട് ധൈര്യമായി പോയിവരുവാൻ പറഞ്ഞു. ഓപ്പറേഷന് അഡ്മിറ്റായ സമയം എനിക്ക് ആകെ 20% മാത്രമേ ജീവൻ ഉണ്ടായിരുന്നുള്ളൂ. എല്ലാവരേയും അറിയിച്ചുകൊള്ളാൻ ഡോക്ടർ പറഞ്ഞു. എല്ലാ സ്ഥലത്തേക്കും പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടു. ദൈവാനുഗ്രഹത്താൽ ഓപ്പറേഷൻ വിജയകരമായി തീർന്നു.ഉണ്ണീശോയ്ക്കും ദൈവമാതാവിനും എല്ലാ പ്രാർത്ഥനാ അംഗങ്ങൾക്കും ഒരുപാട് നന്ദി. യേശുവേ നന്ദി. ആരാധന. യേശുവേ നന്ദി, യേശുവേ സ്തോത്രം.

## നന്ദി പറയാതിരിക്കാനാകുമോ?



**റീത്ത,** ഒറ്റാലി ഹൗസ്, പുത്തൂർ പി. ഒ.

ദൈവാനുഗ്രഹം ജലധാരപോലെ വർഷിക്കുമ്പോൾ ദൈവസന്നിധിയിൽ ഞാൻ നന്ദി പറയാതിരിക്കുന്നതെങ്ങനെ? ഞങ്ങൾ 27 വർഷമായി വാടകവീട്ടിലായിരുന്നു താമസം. ഞങ്ങളുടെ ഇടവകയുടെ ശതാബ്ദിയോടനുബന്ധിച്ച് ആറ് വീട് പണിതുനൽകിയപ്പോൾ ഒരു വീട് ഞങ്ങൾക്ക് നൽകി ജറുസലെംനാഥനും പരിശുദ്ധ അമ്മയും അനുഗ്രഹിച്ചു. എന്റെ മകന്റെ കുട്ടി അന്നമോൾ ചൂടുവെള്ളം ശരീരത്തിൽ വീണ് പൊള്ളലേറ്റ് ജൂബിലി മിഷൻ ഹോസ്പിറ്റലിൽ അഡ്മിറ്റായി. അന്ന് രാത്രി 11 മണിക്ക് നഴ്സ് വന്ന് രാവിലെ ഓപ്പറേഷൻ തിയ്യറ്ററിലേക്ക് കൊണ്ടുപോകണമെന്ന് പറഞ്ഞപ്പോൾ ഞാൻ രാവിലെ പട്ടത്തച്ചനെ വിളിച്ച് പ്രാർത്ഥനാസഹായം അപേക്ഷിച്ചു. പേടിക്കേണ്ട ധൈര്യമായിരിക്കാൻ അച്ചൻ പറഞ്ഞു. അഞ്ചു ദിവസം ഐ. സി. യു. വിൽ കിടത്തണമെന്നാണ് ഡോക്ടർ പറഞ്ഞത്. ജറുസലെംനാഥനും പരിശുദ്ധഅമ്മയുടെയും അനുഗ്രഹത്താൽ എട്ടാം ദിവസം ഡിസ്ചാർജാവാൻ അനുഗ്രഹിച്ചു. മകന് വന്ന പനി (105 ഡിഗ്രി)യിൽനിന്നും അൽഭുത സൗഖ്യം ലഭിച്ചു. ഞാനും മക്കളും 53,000 നന്മ നിറഞ്ഞ മറിയം ചൊല്ലി മാതാവിന് കിരീടം സമർപ്പിക്കാൻ തീരുമാനിച്ചതിന്റെ ഫലമായി യൂട്രസ്സിലെ തടിപ്പും അതിന്റെ ഫലമായുണ്ടായ ബ്ലീഡിങ്ങും സുഖപ്പെട്ടു. മകൾ എടുത്ത ലോൺ കുടിശ്ശികയായി 18 ലക്ഷമായിരുന്നു. തിരിച്ചടവ് മുടങ്ങിയപ്പോൾ വചനമെഴുതി പ്രാർത്ഥിച്ചു. അത് ഒന്നര ലക്ഷമാക്കി പരിശുദ്ധ അമ്മ കുറച്ചുതന്നു. സർജറി നിശ്ചയിച്ച എന്റെ സ്പൈനൽ കോഡ് സൗഖ്യപ്പെട്ടതും മകന് ഒരാൺകുഞ്ഞിനെ നൽകിയനുഗ്രഹിച്ചതിനും ദൈവസന്നിധിയിൽ നന്ദിയേകുന്നു.

## ആശ്രയം കർത്താവിൽ മാത്രം



**ആഗനസ് നെൽന,** വള്ളമായ്പറമ്പിൽ ഹൗസ്, കാടുകുറ്റി, ചാലക്കുടി

കർത്താവിൽ ശരണംവെച്ച് ജീവിച്ചപ്പോൾ എനിക്കുണ്ടായ ശാരീരികാസ്വസ്ഥതകളിൽ നിന്ന് വിടുതൽ ലഭിച്ചു. രോഗസൗഖ്യം നൽകി ഈശോ അനുഗ്രഹിച്ചു. ഞാൻ ഒന്നര വർഷമായി ബ്ലീഡിങ്ങ് കാരണം ബുദ്ധിമുട്ടുകയായിരുന്നു. ഡോക്ടറെ കണ്ട് പല ടെസ്റ്റുകൾ നടത്തുന്ന സമയത്ത് ഞാൻ അച്ചനോട് പ്രാർത്ഥനാസഹായം അപേക്ഷിക്കുമായിരുന്നു. ആ സമയത്തെല്ലാം അച്ചൻ തരുന്ന വചനങ്ങൾ എന്നെ ധൈര്യപ്പെടുത്തി മുന്നോട്ട് നയിച്ചിരുന്നു. എല്ലാ ദിവസവും ദിവ്യകാരുണ്യാരാധനയിലും ഞാൻ സംബന്ധിച്ചിരുന്നു. എന്റെ ഈ അസ്വസ്ഥത കൂടിവരുകയായിരുന്നു. ഗുളികകൾ ഫലിക്കാതെ വന്നപ്പോൾ ഇഞ്ചക്ഷൻ എടുത്തുതുടങ്ങി. പെട്ടെന്ന് യൂറിൻ ഇൻഫക്ഷൻ കൂടുതലായി കൾച്ചറിന് കൊടുത്തു. റിസൽറ്റ് കണ്ട് അന്നുതന്നെ ബയോപ്സി നടത്തി. പിറ്റേ ദിവസം ഞാൻ ജറുസലെമിൽ വന്നു കുമ്പസാരിച്ചു. മാസാദ്യ ശനിയാഴ്ച രോഗശാന്തി ശുശ്രൂഷ നടക്കുന്നുണ്ടായിരുന്നു. ദിവ്യകാരുണ്യ ഈശോയെ കൈയിൽ വച്ചപ്പോൾ എനിക്ക് ഒരു കുളിർമ അനുഭവപ്പെട്ടു. അച്ചനെ കണ്ട് പ്രാർത്ഥിച്ച് ധൈര്യമായി വീട്ടിലേയ്ക്ക് പോയി. റിസൽട്ട് വന്നപ്പോൾ നെഗറ്റീവ് ആയിരുന്നു. അന്ന് തുടങ്ങി ഇന്നുവരെ രോഗസൗഖ്യം തന്നനുഗ്രഹിച്ച ഈശോയ്ക്ക് നന്ദി.


## ചേർത്തുപിടിച്ച ദൈവം



**റോസി ജോയ്,** അക്കര ഹൗസ്, അഞ്ചേരി

സങ്കീ. 145: 18 ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു: ‘‘തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക്, ഹൃദയപരമാർത്ഥതയോടെ വിളിച്ചപേക്ഷിക്കുന്നവർക്ക് കർത്താവ് സമീപസ്ഥനാണ്’’. ഞാനും ഈശോയെ വിളിച്ചപേക്ഷിച്ചു. നഷ്ടപ്പെട്ട എന്റെ സഹോദരനെ എനിക്ക് തിരികെ ലഭിച്ചു. എന്റെ സഹോദരൻ സ്ക്കൂളിൽ പഠിക്കുന്ന കാലത്ത് ഭവനത്തിൽനിന്ന് നാടുവിട്ടുപോയി. മദ്യത്തിനും മയക്കുമരുന്നിനും എല്ലാത്തരത്തിലുമുള്ള ദു:സ്വഭാവത്തിനും അവൻ അടിമയായിരുന്നു. ആ സമയം ഞാൻ ജറുസലെം വചനകൂടാരത്തിൽ വന്ന് എല്ലാ വെള്ളിയാഴ്ചയും പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഒരുദിവസം ആരാധനാസമയത്ത് പട്ടത്തച്ചൻ ഇങ്ങനെ പറഞ്ഞു: ‘‘നിങ്ങൾ ഉപവാസവും നൊയമ്പും എടുക്കുമ്പോൾ നിങ്ങളുടെ കുടുംബത്തിൽ പെട്ടവർക്കുവേണ്ടി നിയോഗം വെച്ചു പ്രാർത്ഥിക്കണം’’. ആ സമയം എനിക്ക് എന്റെ സഹോദരനെ ഓർമ്മ വന്നു. ഞാൻ അവനുവേണ്ടി 41 ദിവസം ഉപവാസമെടുത്തു പ്രാർത്ഥിച്ചു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അവൻ വീട്ടിൽ വന്നു. 16-ാം വയസ്സിൽ പോയ മകൻ 44-ാം വയസ്സിൽ തിരിച്ചുവന്നു. ധ്യാനം കൂടി അവൻ മാനസാന്തരപ്പെട്ടു. ഇന്ന് അവൻ വിവാഹം കഴിഞ്ഞ് ദൈവത്തോടു ചേർന്നുനിന്നുകൊണ്ട് ഒരു കുടുംബജീവിതം നയിക്കുന്നു. യേശുവെ സ്തോത്രം. യേശുവെ നന്ദി.


## വിവാഹം മംഗളകരമായി



**ത്രേസ്യാമ്മ**, ചോനാടൻ ഹൗസ്,
തലോണിക്കര, പുലക്കാട്ടുകര

ദാനിയേൽ 14:38 ഇപ്രകാരമാണ്: ‘‘ദൈവമേ, അങ്ങ് എന്നെ ഓർമ്മിച്ചിരിക്കുന്നു. അങ്ങയെ സ്നേഹിക്കുന്നവരെ അങ്ങ് ഉപേക്ഷിച്ചിട്ടില്ല’’. എന്റെ മകന്റെ വിവാഹം നടക്കാതെ വന്നപ്പോൾ ഞാൻ വളരെയധികം വേദനിച്ചു. ജറുസലെമിൽ ഒമ്പത് ആഴ്ച ബന്ധന വിടുതൽ ആരാധനയിലും ജറുസലെം കൺവെൻഷന്റെ എല്ലാ ദിവസത്തെ ശുശ്രൂഷയിലും പങ്കുകൊണ്ടു. പ്രാർത്ഥന ഉടമ്പടി പത്രം വാങ്ങി ഭവനത്തിൽ പ്രതിഷ്ഠിച്ചു. മാതാവിന്റെ രൂപം ഭവനത്തിൽ കൊണ്ടുപോയി പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ 43 വയസ്സായ മകന്റെ വിവാഹം മംഗളകരമായി നടത്തിത്തന്നു.

## വൈദ്യനും ഔഷധവുമായ ഈശോ



**സഞ്ചു ഷാജൻ,** ചക്കാലക്കൽ ഹൗസ്,
തെക്കെ അങ്ങാടി, ഇരിഞ്ഞാലക്കുട

ദൈവത്തിന്റെ അനുഗ്രഹം വചനങ്ങളിലൂടെ, ദിവ്യകാരുണ്യത്തിലൂടെ നമ്മിലേയ്ക്ക് കടന്നുവരുന്നു. ദിവ്യവൈദ്യനും ഔഷധവും യേശുനാഥനാണ്. ആ നാമം ഉരുവിടുമ്പോൾതന്നെ നാം സൗഖ്യം പ്രാപിക്കുന്നു. എന്റെ മൂന്നാമത്തെ മകന് കണ്ണിന് ചെറിയ ഒരു പ്രശ്നം ഉണ്ടായിരുന്നു. ഓപ്പറേഷൻ ചെയ്യണം എന്നാണ് പറഞ്ഞിരുന്നത്. ഓപ്പറേഷൻ ഇല്ലാതെ മാറുകയാണെങ്കിൽ ജറുസലെമിലെ അൾത്താരയിൽ സാക്ഷ്യം പറയാം എന്ന് ഞാൻ നേർന്നിരുന്നു. ‘‘ദിവ്യവൈദ്യനും ഔഷധവുമായ ജറുസലെംനാഥാ, എന്റെ മകനെ സുഖപ്പെടുത്തണമെ’’ എന്ന് ഞാൻ പ്രാർത്ഥിച്ചിരുന്നു. കഴിഞ്ഞ ദിവസം ഡോക്ടറിനെ കണ്ട് ചെക്കപ്പുകൾ നടത്തി. ഓപ്പറേഷന്റെ യാതൊരു ആവശ്യവുമില്ല എന്നാണ് ഡോക്ടർ പറഞ്ഞത്. ജറുസലെംനാഥന് ആയിരം നന്ദിയേകുന്നു.

## നിലവിളിയോടെ പ്രാർത്ഥിച്ചപ്പോൾ



**റോസിലി,** വിതയത്തിൽ ഹൗസ്, പടവരാട്

സങ്കീർത്തനങ്ങൾ 34:19 ഇപ്രകാരമാണ് : ‘‘നീതിമാന്മാർ സഹായത്തിന് നിലവിളിക്കുമ്പോൾ കർത്താവ് കേൾക്കുന്നു. അവരെ സകലവിധ കഷ്ടതകളിലും നിന്ന് രക്ഷിക്കുന്നു’’. എന്റെ മകന്റെ മകൾക്ക് ഫിറ്റ്സിന്റെ അസുഖം ഉണ്ടായിരുന്നു. ജറുസലെമിൽവന്ന് പ്രത്യേക നിയോഗത്തോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി ആ രോഗം സൗഖ്യപ്പെട്ടു. എന്റെ ഭർത്താവിന് രോഗം മൂലം മൂക്കിൽ ട്യൂബ് ഇട്ടിട്ടുണ്ടായിരുന്നു. ട്യൂബ് ഊരി ഭക്ഷണം കഴിക്കാൻ പറ്റുന്ന അവസ്ഥയിലാകണം എന്ന് ഞാൻ മാതാവിനോട് മുട്ടിപ്പായി പ്രാർത്ഥിച്ചു. മാതാവിന്റെ അനുഗ്രഹത്താൽ സൗഖ്യം നൽകി ഭർത്താവിനെ അനുഗ്രഹിച്ചു. എന്റെ മകൾക്ക് ഭക്ഷണം കഴിക്കാൻ പറ്റാതെ തൊണ്ടയിൽ സർജറി നടത്തി. സർജറിയ്ക്ക് മുമ്പ് ഫോൺ വിളിച്ച് പട്ടത്തച്ചനെ കണ്ട് പ്രാർത്ഥിച്ചിരുന്നു. അതിനുശേഷം ഓപ്പറേഷൻ കഴിഞ്ഞ് സൗഖ്യം ലഭിക്കുകയും ചെയ്തു. യേശുവെ സ്തോത്രം, യേശുവെ നന്ദി.

## കൃപയുടെ ഭവനം അനുഗ്രഹദായകമായ ശുശ്രൂഷ



**സൗമ്യ വിജു,** അളിക്കല ഹൗസ്, ചിയ്യാരം

എനിക്ക് സ്വന്തമായി ഒരു ഭവനം ഇല്ലായിരുന്നു. 7 വർഷം ഞാൻ വാടകവീട്ടിലാണ് താമസിച്ചിരുന്നത്. 2021 നവംബർ 8ന് ‘കൃപയുടെ ഭവനം’ എന്ന ശുശ്രൂഷയിലൂടെ 7 സെന്റ് സ്ഥലം വാങ്ങാൻ സാധിച്ചു. പിന്നീട് വീടുപണിക്കുവേണ്ടിയുള്ള ലോൺ എടുക്കാൻ എല്ലാ ബാങ്കുകളിലും അപേക്ഷ നൽകിയിരുന്നു. എന്നാൽ ഒരു ബാങ്കും ലോൺ കിട്ടാൻ എളുപ്പമല്ല എന്നാണ് പറഞ്ഞിരുന്നത്. 2023 ഫെബ്രുവരിയിൽ ഞാൻ മാസാദ്യ വ്യാഴാഴ്ച ഇവിടെവന്ന് കൗൺസിലിങ്ങിൽ സംബന്ധിച്ചു. തടസ്സങ്ങൾ മാറിപ്പോകാൻ കുരിശിന്റെ വഴി പ്രാർത്ഥന ചൊല്ലാൻ എന്നോട് നിർദ്ദേശിച്ചു. ആ ദിവസം തന്നെ ഞാൻ 3 മണിക്ക് പ്രാർത്ഥന ചൊല്ലുകയും 4 മണി ആയപ്പോഴേയ്ക്കും ബാങ്കിൽനിന്ന് ലോൺ തരാം എന്നു പറഞ്ഞ് വിളി വരുകയും ചെയ്തു. പിറ്റേദിവസം എല്ലാ പേപ്പർ വർക്കും ചെയ്തു. 2023 മാർച്ച് 24ന് തുക ലഭിച്ചു. ഭവനം പണി തുടങ്ങുവാനുള്ള കൃപ ലഭിക്കുകയും ചെയ്തു. പരിശുദ്ധ അമ്മയ്ക്കും ഈശോയ്ക്കും ഒരായിരം നന്ദി.

## നീതിസൂര്യനായ ദൈവം



**ജെസ്സി ജെയിംസ് (അലമേലു),**
നെയ്ശ്ശേഢരി, ആലുവ

മലാക്കി 4:2 തിരുവചനം ഇപ്രകാരമാണ്: ‘‘നിങ്ങൾക്കുവേണ്ടി നീതിസൂര്യൻ ഉദിക്കും. അതിന്റെ ചിറകുകളിൽ സൗഖ്യമുണ്ട്. തൊഴുത്തിൽനിന്നുവരുന്ന പശുക്കുട്ടിയെപ്പോലെ നിങ്ങൾ തുള്ളിച്ചാടും’’. ഒരു വർഷമായി മാസാദ്യവെള്ളിയാഴ്ചകളിലും ദിവ്യകാരുണ്യ ആരാധനയിലും നിയോഗം വെച്ച് മുടങ്ങാതെ സംബന്ധിച്ചപ്പോൾ ഈശോ അനുഗ്രഹങ്ങൾ വർഷിച്ചു. തമിഴ്നാട്ടിൽ ട്രിച്ചിയിലുള്ള എന്റെ അനുജത്തിയുടെ മകൾ 25 വയസ്സായ പ്രിയയ്ക്ക് ആദ്യമായി മാസമുറ ഉണ്ടായി. സ്ത്രീസഹജമായ ശാരീരികാവസ്ഥ നൽകി ആ മകളെ അനുഗ്രഹിച്ചതിനെ ഓർത്ത് നന്ദി പറയുന്നു. ഞങ്ങൾ തമിഴ്നാട്ടിൽ നിന്ന് 20 വർഷമായി കേരളത്തിൽ വന്നിട്ട്. റേഷൻകാർഡ് കിട്ടിയത് ഇപ്പോഴാണ്. ദിവ്യകാരുണ്യനാഥന് നന്ദിയേകുന്നു. തുടർന്ന് ആശ്രയയിൽ അംഗമാകുന്നതിന് സാധിച്ചു. ഞങ്ങൾക്ക് കിറ്റ് കിട്ടിത്തുടങ്ങി. വാർദ്ധക്യപെൻഷൻ ലഭിക്കുന്നതിനായി നിയോഗം വെച്ച് ഞങ്ങൾ പ്രാർത്ഥിച്ചു. ആദ്യം ലഭിക്കുന്ന പെൻഷൻ മുഴുവനായും ഈശോയുടെ മുമ്പിൽ സമർപ്പിക്കാം എന്ന് നേർന്നിരുന്നു. മാർച്ചിൽ പെൻഷൻ കിട്ടുകയും സമർപ്പിക്കുകയും ചെയ്തു. ദൈവമേ നന്ദി. ദൈവമേ സ്തുതി.

# ഗദ്ഗദത്തിന്റെ കടലാഴങ്ങൾ



സിനി ജോൺസൻ



കഴിഞ്ഞ വർഷത്തെ സ്വാതന്ത്ര്യത്തിന്റെ അമൃത് മഹോത്സവത്തിന്റെ അലയടികൾ നമ്മുടെയിടയിൽനിന്ന് മാഞ്ഞുപോകുന്നതിനു മുമ്പേ വീണ്ടുമൊരു സ്വാതന്ത്ര്യദിനം കൂടി സമാഗതമായിരിക്കുകയാണ്. പക്ഷേ ഈ വർഷത്തെ ആഘോഷങ്ങൾക്ക് മഹോത്സവത്തിന്റെ നിറപ്പകിട്ടുണ്ടോ? ഒരൊറ്റ ഇന്ത്യ, ഒരൊറ്റ ജനത എന്ന് അഭിമാനത്തോടെ ഏറ്റുപറയുമ്പോഴും മണിപ്പൂർ ജനതയുടെ കണ്ണീരാഴം നമ്മുടെ നെഞ്ചകങ്ങളിൽ ഗദ്ഗദത്തിന്റെ കടലാഴങ്ങൾ തീർക്കുകയാണ്. കലാപത്തിൽ മരിച്ചവരുടെയും, തകർക്കപ്പെട്ട പള്ളികളുടെയും, വീടുകളുടെയും അഭയാർത്ഥി ക്യാമ്പുകളുകളുടെയും, പലായനം ചെയ്യപ്പെട്ട മനുഷ്യരുടെയും, വിവസ്ത്രരാക്കപ്പെട്ട് തെരുവീഥികളിൽ ത്രിവർണ്ണപതാക മറയാക്കി നടന്നുപോകുന്ന ഭാരതസ്ത്രീകളുടെ അഭിമാനക്ഷതത്തിന്റെയും മേലാണ് ഈ വർഷത്തെ ദേശീയ പതാക ഉയരുക. തകർക്കപ്പെട്ട ക്രൈസ്തവ ദേവാലയങ്ങൾ, കാടുകളിൽ അഭയം തേടിയ സന്യസ്തരും പുരോഹിതരും വീടില്ലാതെ, വെള്ളമില്ലാതെ, ഭക്ഷണമില്ലാതെ കഴിയുമ്പോൾ യഥാർത്ഥത്തിൽ ഭാരതം സ്വതന്ത്രയാണോ? നാനാത്വത്തിൽ ഏകത്വവും വർണ്ണവൈവിധ്യവും ഉദ്ഘോഷിക്കുന്ന ഇന്ത്യൻ ഭരണഘടന ഇവർക്കും ബാധകമല്ലേ? അനേകായിരം ചോദ്യങ്ങൾ അനേകരുടെ കണ്ഠനാളത്തിൽനിന്ന് വിലാപങ്ങളായി ഉയരുന്നുണ്ടെങ്കിലും ഉത്തരമില്ലാത്ത മൗനങ്ങളായി അത് ശേഷിക്കുകയാണ്. സമകാലീന ജീവിത സാഹചര്യങ്ങളിൽ മണിപ്പൂർ ജനതയോട് നമുക്കും ഐക്യദാർഢ്യം പ്രഖ്യാപിക്കാം. വീണ്ടും വീണ്ടും അവർക്കുവേണ്ടി പ്രാർത്ഥിക്കാം. സന്നദ്ധസംഘടനകൾ വഴി മണിപ്പൂർ ജനതയ്ക്കായ് വസ്ത്രങ്ങളും മരുന്നുകളും നൽകാം.

മലയാളത്തിന്റെ പ്രിയകഥാകാരൻ ശ്രീ. വൈക്കം മുഹമ്മദ് ബഷീർ തന്റെ ജീവിതത്തിലെ ഒരനുഭവം പങ്കുവെയ്ക്കുന്നുണ്ട്. ഒരു ഹോട്ടലിൽ ഭക്ഷണം കഴിച്ച് രൂപ കൊടുക്കാനായി പോക്കറ്റിൽ തപ്പിയപ്പോഴാണ് പഴ്സ് നഷ്ടപ്പെട്ടതായി അറിഞ്ഞത്. അത്യന്തം ദയനീയതയോടെ ഹോട്ടൽ ഉടമസ്ഥനോട് അദ്ദേഹം വിവരം പറഞ്ഞെങ്കിലും അയാൾക്ക് വിശ്വാസമായില്ല. ഞാൻ വീട്ടിൽപോയി രൂപ കൊണ്ടുവരാമെന്ന് ബഷീർ പറഞ്ഞെങ്കിലും ഹോട്ടലുടമസ്ഥൻ പറഞ്ഞു: ''നിങ്ങൾ തിരിച്ചുവരുമെന്ന് എന്താണ് ഉറപ്പ്. അതിനാൽ താങ്കളുടെ വസ്ത്രങ്ങൾ ഇവിടെ ഊരിവെയ്ക്കുക''. അദ്ദേഹം തന്റെ ഷർട്ട് അഴിക്കുമ്പോൾ ആ ഹോട്ടലിലെ എല്ലാവരെയും ദയനീയമായി നോക്കുന്നുണ്ട്. ആരെങ്കിലും ഒരു പത്തുരൂപ തന്നിരുന്നെങ്കിൽ ഈ മാനാപമാനത്തിൽ നിന്ന് രക്ഷപ്പെടാമായിരുന്നു. ഷർട്ട് മാത്രമല്ല മുണ്ടും ഇവിടെ അഴിച്ച് വെയ്ക്കണം എന്ന് ഹോട്ടലുകാർ ആവശ്യപ്പെട്ടപ്പോൾ ഇത്രയധികം ജനങ്ങളുടെ മുമ്പിൽ വിവസ്ത്രനാകുമെന്ന് ഉറപ്പായപ്പോൾ ബഷീറിന്റെ കണ്ണുകൾ നിറഞ്ഞുതുളുമ്പി. എല്ലാവരും കാഴ്ചക്കാരെപ്പോലെ നോക്കിയിരിക്കുന്ന സമയത്താണ് ഒരു മനുഷ്യൻ തന്റെ അഴുക്കു പുരണ്ട നിക്കറിന്റെ ഉള്ളിൽനിന്ന് 10 രൂപ നോട്ടെടുത്ത് മേശപ്പുറത്തേയ്ക്ക് ഇട്ടത്. ആ മനുഷ്യൻ ബഷീറിന് വസ്ത്രങ്ങൾ എടുത്ത് നൽകി അദ്ദേഹത്തെ പുറത്തേയ്ക്ക് കൊണ്ടുപോയിട്ട് ചോദിച്ചു: ''ഇവിടെ കള്ളന്മാർ ധാരാളം ഉള്ള സ്ഥലമാണ്. സൂക്ഷിക്കേണ്ടേ?'' നിക്കറിൽനിന്ന് കുറെ പേഴ്സുകൾ ഉയർത്തിക്കാണിച്ച് ചോദിച്ചു: ''ഇതിൽ ഏതാണ് താങ്കളുടെ പേഴ്സ്?'' തന്റെ പേഴ്സ് അതിൽ കണ്ടെങ്കിലും ബഷീർ ഒന്നും പറഞ്ഞില്ല. താൻ വിവസ്ത്രനാക്കപ്പെട്ടപ്പോൾ മറ്റാർക്കും, മാന്യന്മാർക്കൊന്നും തോന്നാത്ത ദയ തന്നോട് കാണിച്ച ഈ മനുഷ്യന്റെ തോളത്ത് തട്ടി ബഷീർ തന്റെ യാത്ര തുടർന്നു. പിടിക്കപ്പെടുമെന്ന് ഉറപ്പിച്ചിട്ട് തന്നെയാണ് അയാൾ ആ പേഴ്സ് ബഷീറിന് നേരെ നീട്ടിയത്. താൻമൂലം ഒരു മനുഷ്യൻ വിവസ്ത്രനാക്കപ്പെടുന്നത് ആ മനുഷ്യന് സഹിക്കാനായില്ല. മാന്യതയുടെ ഒരു വലിയ മുഖംമൂടിയാണ് അവിടെ അഴിഞ്ഞുവീണതെന്ന് ബഷീർ നമ്മെ ഒരിക്കൽകൂടി ഓർമ്മപ്പെടുത്തുകയാണ്.

ഒരൊറ്റ ഇന്ത്യ ഒരൊറ്റ ജനത, നാമൊന്ന് തുടങ്ങിയവ മുദ്രാവാക്യങ്ങളായി മാത്രം മാറുകയാണ്. വിവസ്ത്രമാകുന്ന ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കാൻ ഒരുമയുടെ മേലങ്കിയണിയാൻ പരിശുദ്ധ അമ്മയുടെ, സ്വർഗ്ഗാരോപിത മാതാവിന്റെ നീല കാപ്പയ്ക്കുള്ളിൽ നമുക്കഭയം തേടാം. അമ്മ നമ്മെ രക്ഷിക്കട്ടെ... യഥാർത്ഥ സ്വാതന്ത്ര്യം നൽകട്ടെ...



## കുരുക്കഴിച്ച മാതാവ്



**സെലിൻ**, കരിപ്പേരി ഹൗസ്, നെല്ലിക്കുന്ന്

വിശ്വാസപൂർവ്വം, പ്രാർത്ഥനയോടെ, പ്രത്യേക നിയോഗത്തോടെ കുരുക്കഴിക്കുന്ന മാതാവിനോട് പ്രാർത്ഥിച്ചപ്പോൾ തടസ്സങ്ങൾ മാറി, കടബാധ്യതകൾ മാറി, ജീവിതത്തിൽ സമാധാനം കൈവന്നു. വീടും സ്ഥലവും വില്ക്കാൻ വേണ്ടി 3 വർഷം നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ ജറുസലെമിൽ വന്ന് ആരാധനയിലും വി. കുർബ്ബാനയിലും പങ്കുകൊണ്ട് പ്രാർത്ഥിച്ചിരുന്നു. അച്ചനോട് പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടിരുന്നു. കുരുക്കഴിക്കുന്ന മാതാവിന്റെ പ്രാർത്ഥന അച്ചൻ തരികയും ഞങ്ങൾ വിശ്വാസപൂർവ്വം നിയോഗത്തോടെ പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ ആരും പ്രതീക്ഷിക്കാത്ത തരത്തിൽ വീടും സ്ഥലവും വില്ക്കാനും ബാധ്യതകൾ തീർക്കാനും മനോഹരമായ ഒരു വീട് വയ്ക്കാനും ദൈവം അനുഗ്രഹിച്ചു. ദൈവത്തിന് മഹത്വം.

## സമൃദ്ധമായ അനുഗ്രഹം



**ഐറീന വിൻസെന്റ്**, ചിറ്റിലപ്പിള്ളി ഹൗസ്, കൂർക്കഞ്ചേരി

''സമൃദ്ധമായ അനുഗ്രഹങ്ങളുമായി അവിടുന്ന് അവനെ സന്ദർശിച്ചു. അവന്റെ ശിരസ്സിൽ തങ്കക്കിരീടം അണിയിച്ചു''(സങ്കീ 21:3). എന്റെ മകൾ ഐറീനയ്ക്ക് എം. ബി. ബി. എസിന് സീറ്റ് നൽകി ഈശോനാഥൻ സമൃദ്ധമായി അനുഗ്രഹിച്ചു. ജറുസലെം വചന കൂടാരത്തിൽ കടന്നുവന്ന് ഞങ്ങൾ പ്രത്യേക നിയോഗത്തോടെ ഈ ദൈവാനുഗ്രഹ ലബ്ധിയ്ക്കായി പ്രാർത്ഥിക്കാറുണ്ടായിരുന്നു. പട്ടത്തച്ചനെ കണ്ടും ആശീർവ്വാദം സ്വീകരിച്ചിരുന്നു. ജറുസലെം ശുശ്രൂഷകൾ ഓൺലൈൻ വഴി ഞങ്ങൾ കണ്ട് പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഇത്രയും വലിയ ദൈവാനുഗ്രഹം സമൃദ്ധമായി ഞങ്ങളുടെ കുടുംബത്തിലേയ്ക്ക് വർഷിച്ച നല്ല ദൈവത്തിന് ഞാൻ നന്ദിയും ആരാധനയുമേകുന്നു.

## ക്രൂശിതന്റെ അനുഗ്രഹം



**ഷൈനി വർഗ്ഗീസ്,** കെ. ടി. വർഗ്ഗീസ്, കാട്ട്ള ഹൗസ്, ആനന്ദപുരം

ക്രൂശിതനോട് പ്രാർത്ഥിച്ചാൽ അഴിയാത്ത കുരുക്കുകളില്ല. തിരുമുറിവുകളിൽനിന്ന് നമുക്ക് ലഭിക്കുന്നത് സൗഖ്യമാണ്, ഐശ്വര്യമാണ്, സമാധാനമാണ്. കുരുക്ക് അഴിക്കുന്ന ക്രൂശിതനോടുള്ള പ്രാർത്ഥനാ യജ്ഞത്തിൽ പങ്കെടുത്ത് പ്രാർത്ഥിച്ചിരുന്നു. ആ തിരുമുറിവിലേയ്ക്ക് എന്റെ നിയോഗങ്ങൾ ഞാൻ സമർപ്പിച്ച് പ്രാർത്ഥിച്ചിരുന്നു. അത് സ്വീകരിച്ച് ജറുസലെം നാഥൻ ഞങ്ങളെ അനുഗ്രഹിച്ചു. ഞങ്ങളുടെ സ്ഥലം വിൽക്കാൻ സാധിച്ചു. എന്റെ മൂത്ത മകൾ ഒ. ഇ. ടി. പരീക്ഷ പാസ്സായി; യു. കെ. യിൽ ജോലി ലഭിച്ചു. അവൾ ഇപ്പോൾ കുഞ്ഞുമക്കളോടൊപ്പം സുഖമായി ജീവിക്കുന്നു. രണ്ടാമത്തെ മകൾ ജർമൻ ഭാഷയുടെ പരീക്ഷ പാസ്സായി; വിയന്നായിൽ ജോലി ലഭിച്ചു. ജോലി ഇല്ലാതെ ആകെ വിഷമിച്ചിരുന്ന എന്റെ സഹോദരന് ജോലി ലഭിച്ചു. ഇത്രയും വലിയ അനുഗ്രഹം തന്ന ദൈവത്തിന് കോടാനുകോടി നന്ദി പറയുന്നു. യേശുവേ നന്ദി, യേശുവേ മഹത്വം.

## കണ്ണുനീർ തുടച്ചു മാറ്റിയ ഈശോനാഥൻ



**ഷീജ തോമസ്**, കാഞ്ഞിരത്തിങ്കൽ ഹൗസ്, പി. ഒ. എറവ്

മകനുവേണ്ടി കണ്ണുനീരോടെ പ്രാർത്ഥിച്ചപ്പോൾ കണ്ണുനീർ തുടച്ചുമാറ്റി ഈശോനാഥൻ ഞങ്ങളുടെ കുടുംബത്തെ ആശ്വസിപ്പിച്ചു. കഴിഞ്ഞ ജൂൺ 2022-ൽ വിദേശത്തേക്ക് വിസിറ്റിങ്ങ് വിസയ്ക്ക് പോകുവാൻ മകന് സാധിച്ചെങ്കിലും ജോലിയിൽ സ്ഥിരമായി ഒരു വിസ അടിക്കുവാൻ 3 മാസം കഴിഞ്ഞിട്ടും സാധ്യമല്ല എന്ന് മകനോട് മാനേജർ പറഞ്ഞു. ഞാനും എന്റെ ഭർത്താവും അവന് ധൈര്യം പകർന്ന് കൊന്ത ചൊല്ലി. മാതാവിനോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. വചനകൂടാരത്തിൽ വന്ന് 7 മാസാദ്യ വെള്ളിയാഴ്ചകളിൽ വചനശുശ്രൂഷയിലും വി. കുർബ്ബാനയിലും പ്രദക്ഷിണ കൊന്തയിലും കരുണക്കൊന്തയിലും പ്രാർത്ഥിച്ചതിന്റെ ഫലമായി ഈ മാർച്ച് 2023-ൽ മകന് സ്ഥിരമായി വർക്ക് വിസ ലഭിക്കുകയും ചെയ്തു. ഈ വലിയ അനുഗ്രഹത്തിന് നന്ദി പറയുന്നു. വിസ ലഭിച്ചാൽ അൾത്താരയിലെ സാക്ഷിയായി തീരാമെന്ന് നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചിരുന്നു. നന്ദി ദൈവമേ നന്ദി.

## ജറുസലെം ശുശ്രൂഷകൾ ആഗസ്റ്റ് 2023

| | | |
|---|---|---|
| 3 - 6 | വിമല കോളേജ് സ്റ്റുഡന്റ്സ് റിട്രീറ്റ് | |
| 4 | മഹാവിടുതൽ ശുശ്രൂഷ | |
| 4 - Sept. 8 : | കോടിയർച്ചന പ്രാർത്ഥന | |
| 5 | രോഗശാന്തി ശുശ്രൂഷ, ഗർഭിണികളുടെ പ്രാർത്ഥന, അമ്മയും കുഞ്ഞും ശുശ്രൂഷ | (09.00 am - 1.00 pm) |
| 17 - 20 | ആത്മാഭിഷേക ധ്യാനം (തമിഴ്) | (08.30 am) |
| 20 | കുഞ്ഞുങ്ങളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥന | (09.30 am - 1.00 pm) |
| 23 - 24 | ഉപവാസ ധ്യാനം | |
| | തൊഴിലാളികളുടെ പ്രാർത്ഥന (വ്യാഴാഴ്ചകളിൽ) | (06.30 pm - 08.00 pm) |
| | To be with Jesus യുവജനങ്ങളുടെ പ്രാർത്ഥന (ശനിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | ജപമാല പ്രദക്ഷിണം (ഞായറാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | കുമ്പസാരവും സ്പിരിച്വൽ കൗൺസിലിങ്ങും (എല്ലാ ദിവസവും) | (09.00 am - 12.00 pm) |
| | ദിവ്യകാരുണ്യ സൗഖ്യാരാധന (എല്ലാ ദിവസവും) | (06.30 pm - 08.30 pm) |
| | Retrreat Booking No: | 70 25 15 25 30 |
| | Jerusalem Retreat Centre You Tube Channelൽ https://www.youtube.com/c/JerusalemRetreatCentre | |


## PRAYER LINE



Access code
3321285#
Call in
8929 700 137

എല്ലാ ദിവസവും രാത്രി 9.30 ന്
ബഹു. ഡേവീസ് പട്ടത്തച്ചൻ
നേതൃത്വം നൽകുന്നു

എല്ലാ വെള്ളിയാഴ്ചയും
പൊതു പ്രാർത്ഥനാ ദിനമായിരിക്കും
(8.30 a.m. - 3.30 p.m.)

## ജറുസലെം ശുശ്രൂഷകളെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ



JERUSALEM RETREAT CENTRE
A/c. No. 0309 0381 9770 195 001
CSB Bank LTD, Thalore Branch
IFSC : CSBK 0000309
Swift code: CSYBIN 55
UPI id: jerusalemre.20077@csbpay

അക്കൗണ്ടിലൂടെ പണം അയക്കുന്നവർ
ഈ നമ്പറിലേക്ക് [+91 8304 069 046 ]
അഡ്രസ്സ് വാട്സ്ആപ്പ് ചെയ്യണേ